**പന്ത്രണ്ടാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2006-2008)

**ഒമ്പതാമത് റിപ്പോർട്ട്**

(2008 ഡിസംബർ 18-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2006–2008)

## ഒമ്പതാമത് റിപ്പോർട്ട്

(2008 ഡിസംബർ 18-ാം തീയതി സമർപ്പിച്ചത്)

193/09.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 9 |
| അനുബന്ധം II | .. | 23 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006-2008)

## ഘടന

ചെയർമാൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. പി. കൃഷ്ണപ്രസാദ്

,, മുരളി പെരുനെല്ലി

,, വി. ശശികുമാർ

,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

,, കെ. ശിവദാസൻ നായർ

,, പി. തിലോത്തമൻ

,, തോമസ് ഉണ്ണിയാടൻ

,, എം. ഉമ്മർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി ആർ. പ്രസന്നകുമാരി, അഡീഷണൽ സെക്രട്ടറി
,, ജെ. സരളാദേവി, ഡെപ്യൂട്ടി സെക്രട്ടറി
,, പി. ജയലക്ഷ്മി, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006-2008) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിലെ 21-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ (SRO No. 247/07 തീയതി 19-3-2007 & SRO No. 390/07, തീയതി 2-5-2007) സമിതി വിശദമായ പഠനത്തിന് വിധേയമാക്കുകയുണ്ടായി. ആക്ടിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതു സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി വയനാട്, ഇടുക്കി എന്നീ ദുരിത ബാധിത ജില്ലകളിൽ യോഗങ്ങൾ ചേരുകയും കർഷകർ, കർഷക സംഘടനാ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, പൊതുജനങ്ങൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ പഠനത്തിന്റേയും തെളിവെടുപ്പിന്റേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്. 2007-ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ അനുബന്ധം I-ലും സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഹാജരായി സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയ ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധം II-ലും ചേർത്തിരിക്കുന്നു.

2008 ഡിസംബർ 17-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**ജോസ് തെറ്റയിൽ,**

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
18-12-2008.

# റിപ്പോർട്ട്

## 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിൻകീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ

(SRO No. 247/2007, തീയതി 19-3-2007 ;

SRO No. 390/2007, തീയതി 2-5-2007 സംബന്ധിച്ച്)

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ലോകത്താകമാനം വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹിക വിപത്താണ് കടബാധ്യതമൂലമുള്ള കർഷകരുടെ ആത്മഹത്യ. ഓരോ രാജ്യത്തും കാലാകാലങ്ങളിലുണ്ടാകുന്ന സാമ്പത്തിക പരിഷ്കാരങ്ങളുടെ പരിണത ഫലമായി കാർഷികോൽപ്പന്നങ്ങളുടെ വില ക്രമാതീതമായി ഇടിയുന്ന പ്രവണതയാണ് നിലനിൽക്കുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ഫലമായി വ്യാപകമായ തോതിൽ സംഭവിക്കുന്ന കൃഷിനാശം, സബ്സിഡികളുടെ വെട്ടിക്കുറയ്ക്കൽ, കാർഷികരംഗത്തെ പൊതുനിക്ഷേപത്തിൽ ഉണ്ടായ ഗണ്യമായ കുറവ്, ആഗോളവൽക്കരണം എന്നിവ കാർഷികമേഖലയെ പൊതുവെ തളർത്തിയ ഘടകങ്ങളാണ്. ഇത് ഇന്ത്യയിൽ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ലക്ഷ ക്കണക്കിന് സാധാരണ-ചെറുകിട കർഷകരെ നിരാലംബരാക്കുകയും അവരെ ദാരിദ്ര്യ ത്തിലേക്കും കടക്കെണിയിലേക്കും വലിച്ചിഴയ്ക്കുകയും ആത്മഹത്യയിലേക്ക് നയിക്കുക യും ചെയ്യുന്നു. സ്വകാര്യ പണമിടപാടുകാർ ചുമത്തുന്ന അമിതമായ പലിശ നിരക്കും അന്യായ പ്രവൃത്തികളും കർഷക ആത്മഹത്യയ്ക്ക് ആക്കംകൂട്ടി. കേരളത്തിലെ കർഷ കരുടെ സ്ഥിതിയും ഇതിൽ നിന്നൊട്ടും വിഭിന്നമല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്തത് കാർഷികവിളകളുടെ വിലത്തകർച്ച ഗുരുതരമായി ബാധിച്ച നാണ്യവിളകളായ കാപ്പിയും കുരുമുളകും കൃഷിചെയ്യുന്ന വയനാട് ജില്ലയിലാണ്. ഈ ദുരന്ത സാഹചര്യത്തിന് ഒരു ആശ്വാസം എന്ന നിലയിലാണ് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് കേരള നിയമസഭ പാസ്സാക്കിയത്. 2006 ഡിസംബറിൽ നിലവിൽ വന്ന കടാശ്വാസനിയമത്തിന്റെ നിർവ്വഹണത്തിലൂടെ കേരള ത്തിൽ കർഷക ആത്മഹത്യകൾ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ശുഭോദർക്ക മായ വസ്തുതയാണ്-പ്രത്യേകിച്ച് ദേശീയ തലത്തിൽ കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ. എന്നാൽ ദുരിതബാധിതരായ എല്ലാ കർഷകർക്കും ആശ്വാസമെത്തിക്കുന്നതിൽ വിജയിക്കുന്നതിന് ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച വിദർഭ പാക്കേജ് ഉൾപ്പെടെയുള്ള കടാശ്വാസ പദ്ധതി പ്രകാരമുള്ള ആശ്വാസനടപടികൾ കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് മാത്രമാണ് നിജപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സംസ്ഥാനം ആവിഷ്കരിച്ച കടാശ്വാസ പദ്ധതി പ്രകാരം കർഷക കടത്തിന് അതായത് വാണിജ്യാവശ്യങ്ങൾക്കോ, ആഡംബര ത്തിനോ ഒഴികെയുള്ള ആവശ്യങ്ങൾക്ക് കർഷകരെടുത്ത കടങ്ങൾക്ക് ഈ നിയമ ത്തിലൂടെ പരിരക്ഷ നൽകിയിരിക്കുന്നു.

2. കൃഷിക്ക് വളരെ വിപുലമായ നിർവ്വചനമാണ് ഈ നിയമത്തിൽ നൽകിയിരി ക്കുന്നത്. ഭൂമിയിലുള്ള എല്ലാ തരത്തിലുമുള്ള കൃഷിക്കും പുറമേ മത്സ്യം, ചിപ്പി, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കന്നുകാലി, പന്നി ഉൾപ്പെടെയുള്ളവയുടെ

പ്രജനനവും പരിപാലനവും, കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കായോ അല്ലെങ്കിൽ മറ്റേതെങ്കിലും കാർഷിക ആവശ്യത്തിനായോ ഉള്ള ഭൂമിയുടെ ഉപയോഗവും കൃഷിയുടെ നിർവ്വചനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശമുള്ളതും വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവനമാർഗ്ഗം ആയിരിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും കടാശ്വാസം ലഭിക്കുന്നതിന് അർഹതയുണ്ട്. കർഷക തൊഴിലാളിയും പാട്ടക്കരാർ വ്യവസ്ഥയിൽ കൃഷിസ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന കുടുംബശ്രീ/സ്വയം സഹായ സംഘം യൂണിറ്റുകളും കർഷകന്റെ നിർവ്വചനത്തിൽ ഉൾപ്പെടും. കാർഷിക അനുബന്ധ വാണിജ്യ ആവശ്യങ്ങൾക്കോ ആഡംബരത്തിനോ എടുത്തിട്ടുള്ള വായ്പകൾ ഒഴികെയുള്ള കർഷകരുടെ മുഴുവൻ കടങ്ങളും 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം (1969-ലെ 21) രജിസ്റ്റർ ചെയ്തിട്ടുള്ളതായ സംഘങ്ങളിൽ നിന്നും എടുത്ത വായ്പകളും സ്വകാര്യ പണമിടപാടുകാരിൽ നിന്നും എടുത്ത വായ്പകളും ഈ നിയമത്തിന്റെ പരിധിയിൽ വരും.

3. 2007-ലെ 1-ാം ആക്ടായി പ്രസിദ്ധീകരിച്ച ഈ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ആക്ടിലെ 21-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച "2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ" (SRO No. 390/2007, തീയതി 2-5-2007) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി വിശദമായി പരിശോധിക്കുകയുണ്ടായി.

4. 2007 ഒക്ടോബർ മാസം 23-ാം തീയതി തിരുവനന്തപുരത്തു ചേർന്ന യോഗത്തിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഈ ചട്ടങ്ങൾ സംബന്ധിച്ച് നിയമവകുപ്പുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. ആക്ട് പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതായ പല വ്യവസ്ഥകളും ഈ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെടുത്തുകയും സമിതി പ്രഥമദൃഷ്ട്യാ കണ്ടെത്തിയ പിശകുകളിൽ വേണ്ട തിരുത്തലുകൾ വരുത്തി ചട്ടം വിപുലീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ചട്ടങ്ങളുടെ കാലിക പ്രസക്തി കണക്കിലെടുത്ത് ഈ വിഷയത്തിൽ വിശദമായ ഒരു പഠനം ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി. അതിന്റെ ഭാഗമായി 7-11-2007-ൽ തിരുവനന്തപുരത്തുവച്ച് കർഷക കടാശ്വാസ കമ്മിഷൻ സെക്രട്ടറി, നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരിൽ നിന്നും തെളിവെടുക്കുകയും കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സുഗമമാക്കുന്നതും ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾമൂലം കമ്മീഷൻ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നത് സംബന്ധിച്ച് അഭിപ്രായം ആരായുകയും ചെയ്തു. കടബാധ്യതമൂലം കഷ്ടപ്പെടുന്ന കേരളത്തിലെ കർഷകർക്ക് കടാശ്വാസം ലഭ്യമാക്കണമെന്ന ഉദ്ദേശം സാക്ഷാത്കരിക്കപ്പെടുന്നതിൽ കർഷക കടാശ്വാസ കമ്മീഷൻ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് നേരിട്ട് മനസ്സിലാക്കുന്നതിനും സ്ഥിതിഗതികൾ വിലയിരുത്തുന്നതിനുമായി സമിതി ദുരിതബാധിതപ്രദേശമായി പ്രഖ്യാപിച്ച ജില്ലകൾ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരിൽ നിന്നും തെളിവെടുക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച്, 13-11-2007-ന് വയനാടും 29-1-2008-ന് മൂന്നാറിലും വച്ച് സമിതി യോഗം ചേരുകയും കർഷക കടാശ്വാസ കമ്മിഷൻ സെക്രട്ടറി, റവന്യൂ, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കർഷകർ, കർഷക സംഘടനാ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ എന്നിവരിൽ നിന്നും തെളിവെടുക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു.

5. 13-11-2007-ൽ വയനാട് ചേർന്ന യോഗത്തിൽ കർഷക സംഘടനാ പ്രതിനിധികളും ബാങ്ക് പ്രതിനിധികളും കർഷകരും പങ്കെടുത്തു. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന കാര്യത്തിൽ ഒരു നിശ്ചിത തുകയിൽ താഴെ എന്ന ഒരു മാന ദണ്ഡം സ്വീകരിക്കണമെന്നും ജില്ലാ ബാങ്കുകൾ കാർഷികേതര വായ്പകൾ എന്ന പേരിൽ പത്രങ്ങളിൽ പരസ്യം കൊടുത്തും നോട്ടീസ് പതിച്ചും അവകാശപ്പെടുത്തൽ എന്ന പേരിൽ സ്വീകരിച്ചുവരുന്ന ജപ്തി നടപടികൾ അവസാനിപ്പിക്കണമെന്നും കർഷകരുടെ പ്രതിനിധി ആവശ്യപ്പെട്ടു. കർഷകർ ഉപജീവനത്തിനോ ആഡംബര ത്തിനോ വാണിജ്യാവശ്യത്തിനോ വിദ്യാഭ്യാസ ആവശ്യത്തിനോ എടുത്ത ഏതുതരം വായ്പയിന്മേലുമുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിന് കമ്മിഷൻ ഒരു പൊതുനിർദ്ദേശം നൽകണമെന്നുള്ള അഭിപ്രായവും ചർച്ചയിൽ ഉയർന്നുവന്നു. വളരെ വർഷങ്ങൾക്കുമുമ്പ് എടുത്ത കാർഷിക ലോണുകളിൽ മുടക്കം വരുത്തുന്നതുമൂലം പലിശയും പിഴപ്പലിശയും മുതലാക്കി മാറ്റിക്കൊണ്ട് വായ്പകൾ പുതുക്കാൻ നിർബന്ധി തരാകാറുണ്ടെന്ന് കർഷകർ പരാതിപ്പെട്ടു. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് കമ്മീഷൻ മാനദണ്ഡമായി ശുപാർശ ചെയ്തിട്ടുള്ള തുക രണ്ട് ലക്ഷമായും ഭൂമിയുടെ പരിധി അഞ്ച് ഏക്കറായും ഉയർത്തണമെന്നും കാർഷിക വായ്പകൾ അനുവദിക്കുന്ന തിനോ നിലവിലുള്ള വായ്പകൾ പുതുക്കി നൽകുന്നതിനോ ദേശസാത്കൃത ബാങ്കുകൾ വിമുഖത കാണിക്കുന്ന സമീപനം അവസാനിപ്പിക്കുന്നതിനും കാർഷിക വായ്പകൾ തിരിച്ചു പിടിക്കുന്നതിന് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനു മെതിരെ കമ്മീഷൻ ശക്തമായ നടപടി സ്വീകരിക്കണമെന്നും അദാലത്തിലോ മറ്റോവച്ച് കേസ്സുകൾ തീർപ്പു കൽപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും കർഷകസംഘടനാ പ്രതിനിധി അഭ്യർത്ഥിച്ചു. കാർഷിക വികസന ബാങ്കുകൾ ഒരിക്കൽ കാർഷിക ലോൺ അടയ്ക്കാൻ നിവൃത്തിയില്ലാതെ കേസ്സിൽപ്പെട്ടവർക്ക് മറ്റ് ലോണു കളും നിരസിക്കുകയാണെന്നും വായ്പകൾ പുനഃക്രമീകരിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വയനാട് ദുരിത ബാധിത പ്രദേശമായതിനാൽ കർഷക രെടുത്തിട്ടുള്ള എല്ലാത്തരം വായ്പകളും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണ മെന്നുമുള്ള നിർദ്ദേശങ്ങളും ഉന്നയിക്കപ്പെട്ടു. സഹകരണ ബാങ്കുകൾ നൽകിയിട്ടുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതുമൂലമുള്ള മുഴുവൻ ബാധ്യതയും സർക്കാർ ഏറ്റെടുക്കണമെന്നും വാണിജ്യ ബാങ്കുകളുടെ കാര്യത്തിൽ അവരുടെ ലാഭത്തിൽനിന്നും ഈ ബാധ്യത വഹിക്കണമെന്നും കർഷക പ്രതിനിധികൾ സമിതിയിൽ ബോധിപ്പിച്ചു. പട്ടികവർഗ്ഗക്കാരുടെ അപേക്ഷകൾ വളരെ കുറയുവാൻ കാരണം ബോധവൽക്കരണം ഇല്ലാത്തതിനാലാണെന്നും ആയതിനാൽ റേഡിയോവഴിയുള്ള പ്രചരണം അഭികാമ്യ മായിരിക്കുമെന്നും ബാങ്ക് ജീവനക്കാരുടെ പ്രതിനിധി അഭിപ്രായപ്പെട്ടു.

6. ജീവനക്കാരുടെ ശമ്പളം കൊടുക്കുന്നതിനുപോലും പല സഹകരണ ബാങ്കു കളും ബുദ്ധിമുട്ടുന്ന അവസ്ഥയാണ് നിലനിൽക്കുന്നതെന്നും ആയതിനാൽ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതുമൂലമുണ്ടാകുന്ന ബാധ്യതയിൽ നിന്നും സഹകരണ ബാങ്കുകളെ പൂർണ്ണമായും ഒഴിവാക്കി ആ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടു ത്തുകൊണ്ട് ബാങ്കുകളെ സംരക്ഷിക്കണമെന്നും സർവ്വീസ് സഹകരണ ബാങ്ക് പ്രതിനിധി ആവശ്യപ്പെട്ടു.

7. 29-1-2008-ന് മൂന്നാറിൽ ചേർന്ന യോഗത്തിൽ കൃഷി നശിച്ചതുമൂലം ദുരിതത്തിലായ നിരവധി കർഷകർ സമിതിയിൽ ഹാജരായി പരാതി നൽകുകയുണ്ടായി. തുടർന്ന് സമിതി ഇടുക്കി ജില്ലയിലെ കടാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറി, റവന്യൂ, നിയമം, കൃഷി എന്നീ വകുപ്പ് ഉദ്യോഗസ്ഥർ, കൃഷിക്കാർ എന്നിവരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. ദ്രുതവാട്ടം പോലുള്ള രോഗം കുരുമുളക് കൃഷിക്ക് നാശം വരുത്തിയിട്ടുണ്ടെങ്കിലും കുരുമുളകിനെ ദുരിതബാധിത വിളയിൽ ഉൾപ്പെടുത്താത്തതും ഇടുക്കി ജില്ലയെ പൂർണ്ണമായി ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കാത്തതിനാൽ വയനാട് ജില്ലയിലെ പോലെ 25,000 രൂപ വരെയുള്ള വായ്പകൾ ഏറ്റെടുക്കുന്നില്ലെന്നുമുള്ള പരാതികൾ സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടു.

8. വയനാട് നടന്ന തെളിവെടുപ്പ് യോഗത്തിനുശേഷം സമിതി കർഷക കടാശ്വാസ കമ്മീഷൻ അംഗങ്ങളുമായി ഈ വിഷയം സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ആക്ടിൽ തന്നെ നിരവധി പ്രശ്നങ്ങൾ ഉള്ളതായി കമ്മീഷൻ അംഗങ്ങൾ സമിതിയെ അറിയിക്കുകയും ചട്ടങ്ങളുടെ നിർവ്വഹണത്തിലുണ്ടാകുന്ന പോരായ്മകൾ സംബന്ധിച്ച് സമിതിയുമായി ആശയവിനിമയം നടത്താവുന്നതാണെന്ന് കമ്മീഷൻ അംഗങ്ങൾ നിർദ്ദേശിച്ചതിന്റെയും അടിസ്ഥാനത്തിൽ 15-10-2008-ൽ സമിതി തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് കർഷക കടാശ്വാസ കമ്മീഷനുമായി ഒരു സംയുക്തയോഗം ചേർന്നു. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന പ്രസ്തുത യോഗത്തിൽ ആക്ടിലും ചട്ടത്തിലും വന്നിട്ടുള്ള പോരായ്മകൾമൂലം ചട്ടങ്ങളുടെ നിർവ്വഹണത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സമിതി കമ്മീഷൻ അംഗങ്ങളുമായി ആശയവിനിമയം നടത്തുകയും അവ പരിഹരിക്കുന്നതിന് കമ്മീഷന്റെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു. മേൽ സൂചിപ്പിച്ച യോഗങ്ങളിലും ചർച്ചകളിലും ഉയർന്നുവന്ന അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സമിതിക്ക് ബോധ്യപ്പെട്ട വസ്തുതകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

9. കർഷക കടാശ്വാസ കമ്മീഷന് വിവിധ ജില്ലകളിൽ നിന്നും 31-10-2008-വരെ നാല് ലക്ഷത്തോളം പരാതികൾ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിൽ 14,000 ഓളം അപേക്ഷകളിൽ മാത്രമാണ് കമ്മീഷൻ തീർപ്പ് കല്പിച്ചിട്ടുള്ളത്. അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കുവാൻ കഴിയാത്തതിനുള്ള പ്രധാന കാരണം അപേക്ഷകൾ തരംതിരിക്കുന്നതിലുണ്ടാകുന്ന താമസമാണെന്ന് തെളിവെടുപ്പ് യോഗങ്ങളിൽ സമിതിക്ക് ബോദ്ധ്യപ്പെട്ട വസ്തുതയാണ്. ആയതിനാൽ, റവന്യൂ, കൃഷി തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെയും കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്തിയും ആവശ്യമായ ജീവനക്കാരെ അടിയന്തിരമായി നിയോഗിച്ചും അപേക്ഷകളുടെ തരംതിരിക്കൽ ഉടനടി പൂർത്തിയാക്കണമെന്നും കമ്മീഷന്റെ കാലാവധി തീരുന്നതിനു മുമ്പ് മുഴുവൻ അപേക്ഷകളിലും തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

10. 2007 മുതൽ കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് കടാശ്വാസ തുക ശുപാർശ ചെയ്തുകൊണ്ടുള്ള അവാർഡുകൾ പുറപ്പെടുവിച്ച് തുടങ്ങിയിട്ടുണ്ടെങ്കിലും അതുപ്രകാരമുള്ള കടാശ്വാസ തുക ബാങ്കുകൾക്ക് സർക്കാർ നൽകിയിട്ടില്ലായെന്ന് സംയുക്തയോഗത്തിൽ കമ്മീഷൻ അംഗങ്ങൾ സമിതിയെ ധരിപ്പിച്ചിരുന്നു. ഇതുമൂലം ബാങ്കുകൾ കർഷകരുടെമേൽ പലിശബാധ്യത കൂട്ടുമെന്നതിനാൽ അവർക്ക് കടക്കണക്ക് അവസാനിപ്പിക്കുന്നതിനോ പ്രമാണം തിരികെ ലഭിക്കുന്നതിനോ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. തത്ഫലമായി കർഷകർക്ക് പുതിയ വായ്പയെടുത്തുകൊണ്ട് കൃഷിയിലേയ്ക്ക് തിരിച്ചുവരാൻ കഴിയുന്നില്ലായെന്നും ഇത് ജനങ്ങൾക്കിടയിൽ കമ്മീഷന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുമെന്നും സമിതി വിലയിരുത്തുന്നു. കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അവാർഡുകൾപ്രകാരം ബാങ്കുകൾക്ക് പണം നൽകേണ്ടത് സർക്കാരായതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ബാങ്കുകൾക്ക് തുക സർക്കാർ കൈമാറേണ്ടതാണ്. ഈ നടപടികൾ വ്യവസ്ഥാപിതമായ രീതിയിൽ നടക്കുന്നതിന് കർഷക കടാശ്വാസത്തിനായി സർക്കാർ നൽകുന്ന തുക ബാങ്കുകൾക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. ആക്ടിലെ സെക്ഷൻ 3-ൽ ഈ ആക്ട് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി 'കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ' എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കേണ്ടതാണെന്ന് പറയുന്നു. എന്നാൽ അതുപ്രകാരമുള്ള സർക്കാർ വിജ്ഞാപനത്തിൽ (SRO No. 247/2007, തീയതി 19-3-2007) "കേരള കർഷക കടാശ്വാസ കമ്മീഷൻ" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ, ചട്ടങ്ങളിൽ "സംസ്ഥാന" എന്ന വാക്കുകൂടി ചേർത്ത് "കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ" എന്ന് പുനർനാമകരണം ചെയ്ത് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം "സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയേയും ആവശ്യമായേക്കാവുന്ന മറ്റ് ജീവനക്കാരേയും നിയമിക്കാവുന്നതാണെന്ന്" വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടേയും മറ്റ് ജീവനക്കാരുടേയും നിയമനവും സേവന-വേതന വ്യവസ്ഥകളും ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്നും ഇത് സംബന്ധിച്ച് കൃഷി വകുപ്പിൽ നിന്നുള്ള സർക്കാർ ഉത്തരവുകൾ മാത്രമാണ് നിലവിലുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും നിയമനവും സേവന വേതനവ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് താമസംവിനാ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. ആക്ടിലെ സെക്ഷൻ 4 (6)-ൽ "ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്" എന്ന് പരാമർശിച്ചിരിക്കുന്നു. ചെയർമാൻ ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജഡ്ജിയായതുകൊണ്ട് അദ്ദേഹത്തിന്റെ ബത്തകളും മറ്റ് സേവനവ്യവസ്ഥകളും ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതായിട്ടുണ്ട്. ആയതിനാൽ,

ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. ആക്ടിലെ സെക്ഷൻ 8 (2) പ്രകാരം കമ്മീഷന്റെ സിറ്റിംഗിനുള്ള കോറം മൂന്ന് ആയിരിക്കേണ്ടതാണ്. എന്നാൽ കമ്മീഷന്റെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച സാഹചര്യത്തിൽ കമ്മീഷന്റെ സിറ്റിംഗുകളുടെ കോറം പുനർനിർണ്ണയം ചെയ്യേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. ആക്ടിലെ സെക്ഷൻ 5 (1) (എ) പ്രകാരം കമ്മീഷന് അപേക്ഷയിന്മേലോ, അല്ലാതെയോ, അതിന് യുക്തമെന്ന് കരുതുന്നപ്രകാരമുള്ള അന്വേഷണത്തിനുശേഷവും സർക്കാർ ഇതിലേക്കായി നിർണ്ണയിക്കുന്ന പ്രകാരമുള്ള പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായും ജില്ലയേയോ വിളയേയോ ദുരിതബാധിത ജില്ലയായും ദുരിതബാധിത വിളയായും ഒരു കർഷകനെ ദുരിതബാധിത കർഷകനായും പ്രഖ്യാപിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ചട്ടം 6 (1)-ൽ കടാശ്വാസം നൽകുന്നതിന്റെ മാനദണ്ഡവും പരിധിയും നൽകേണ്ട വിധവും സൂചിപ്പിച്ചിട്ടില്ല. കൂടാതെ അപേക്ഷ നൽകേണ്ട അവസാന തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ, കടാശ്വാസം നൽകുന്നതിന്റെ മാനദണ്ഡവും തുകയുടെ പരിധിയും നൽകേണ്ടവിധവും അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും ഉൾപ്പെടുത്തി ചട്ടം 6 (1) ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ആക്ട് 5 (1) (ജെ) യിൽ 'നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും' കമ്മീഷന് അധികാരം നൽകിയിരിക്കുന്നു. ഇത് പൊതുവായ ഒരു നിർദ്ദേശമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആക്ടിൽ പരാമർശിച്ചിട്ടുള്ളതിനു പുറമേ കമ്മിഷനിൽ എന്തൊക്കെ അധികാരങ്ങളാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് ചട്ടം 3-ൽ വ്യക്തമായി സൂചിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ചട്ടങ്ങളോടൊപ്പമുള്ള 'എ' മുതൽ 'ജി' വരെയുള്ള ഫാറങ്ങളിൽ അവ ഏത് ചട്ടപ്രകാരമാണ് നൽകേണ്ടത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിൽ പിശക് കടന്നുകൂടിയതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫാറം 'സി' യിൽ 8-ാം ചട്ടം കാണുക എന്നും ഫാറം 'ഇ'യിൽ ചട്ടം 13 കാണുക എന്നും ഫാറം 'എഫ്'-ൽ 23-ാം ചട്ടം കാണുക എന്നും ഫാറം 'ജി' യിൽ 25-ാം ചട്ടം കാണുക എന്നും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ഫാറം 'സി' യിൽ 6-ാം ചട്ടം കാണുക എന്നും ഫാറം 'ഇ'യിൽ 11-ാം ചട്ടം കാണുക എന്നും ഫാറം എഫ് -ൽ 21-ാം ചട്ടം കാണുക എന്നും ഫാറം ജി യിൽ 23-ാം ചട്ടം കാണുക എന്നും മാറ്റി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഫാറം 'ഇ'യിൽ എതിർ കക്ഷിക്കുള്ള നോട്ടീസിൽ (2007-ലെ.........) എന്നതിനു പകരം (2007-ലെ 1) എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

18. വയനാട് ജില്ലയെ മാത്രമാണ് ഇതുവരെ ദുരിതബാധിത ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളത് എന്നും ഏലം, കാപ്പി, തേയില എന്നീ വിളകളെ മാത്രമേ ദുരിത

ബാധിത വിളകളായി പ്രഖ്യാപിച്ചിട്ടുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. മലയോര പ്രദേശങ്ങളിലെ പ്രധാന വിളയായ കുരുമുളകിനെ ദുരിതബാധിത വിളയായി പ്രഖ്യാപിക്കാത്തത് വിളനാശവും വിലയിടിവുംമൂലം വിഷമവൃത്തത്തിലായ കുരുമുളക് കർഷകരെ ദുരിതപർവ്വത്തിലേക്ക് എത്തിച്ചിരിക്കുകയാണെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തിന് വിദേശനാണ്യം നേടിത്തരുന്ന വിള എന്ന നിലയിലും കർഷകരുടെ താത്പര്യം സംരക്ഷിക്കുന്നതിനും കുരുമുളക്, അടയ്ക്ക, നാളികേരം എന്നീ വിളകളെ കൂടി ദുരിതബാധിത വിളകളായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. വിവിധ ജില്ലകളിൽ കമ്മീഷൻ സിറ്റിംഗ് നടത്തിയിട്ടുണ്ടെങ്കിലും വിളനാശം സംബന്ധിച്ച് പ്രത്യേക പഠനം നടത്തണമെന്നും ഓരോ ജില്ലയിലെയും ഏതൊക്കെ വിളകളെയാണ് ദുരിതബാധിതമായി പ്രഖ്യാപിക്കേണ്ടതെന്ന് ശുപാർശ നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ദുരിതബാധിതമായി പ്രഖ്യാപിച്ച ജില്ലകൾക്ക് മാത്രമാണ് സർക്കാർ കടാശ്വാസം നൽകുന്നതിന് മുൻഗണന നൽകുന്നത് എന്നതിനാൽ ഏതൊക്കെ ജില്ലകളെയാണ് ദുരിതബാധിതമായി പ്രഖ്യാപിക്കേണ്ടതെന്ന് കമ്മീഷൻ അടിയന്തിരമായി സർക്കാരിന് ശുപാർശ നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

20. കൃഷിനാശംമൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരുടെ അപേക്ഷകളിന്മേൽ കമ്മീഷൻ തീർപ്പുകൽപ്പിച്ച കേസുകളിൽ ഉത്തമർണ്ണ സ്ഥാപനങ്ങൾക്ക് തുക ലഭിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. ഇതുമൂലം കർഷകനുണ്ടാകുന്ന അധിക ബാദ്ധ്യതയ്ക്ക് കർഷകൻ ഉത്തരവാദിയല്ലാത്തതിനാൽ ഉത്തമർണ്ണ സ്ഥാപനങ്ങൾ കർഷകരിൽ നിന്നും അധിക ബാദ്ധ്യത ഈടാക്കുവാൻ പാടില്ല എന്ന വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. കർഷകകടാശ്വാസം നൽകുന്നത് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് തെളിവെടുപ്പ് യോഗങ്ങളിൽ ബാങ്ക് പ്രതിനിധികൾ പരാതിപ്പെട്ടിരുന്നു. വായ്പ നൽകിയ തുക തിരികെ ലഭിക്കാത്തതുമൂലം ജീവനക്കാരുടെ ശമ്പളം നൽകുന്നതുൾപ്പെടെയുള്ള ദൈനംദിനകാര്യങ്ങൾക്കായി പണം കണ്ടെത്തുന്നതിന് പല ബാങ്കുകളും ബുദ്ധിമുട്ടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതുമൂലമുണ്ടാകുന്ന ബാധ്യതയിൽ നിന്നും സഹകരണ ബാങ്കുകളെ ഒഴിവാക്കി ആ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. കേന്ദ്ര സർക്കാരിന്റെ കാർഷിക കടാശ്വാസ പദ്ധതിയിലൂടെ സംസ്ഥാനത്തെ കർഷകർക്ക് ആനുകൂല്യം ലഭിക്കുകയുണ്ടായി എന്നത് കമ്മീഷന്റെ പ്രവർത്തനത്തെ ഏറെ ലഘൂകരിച്ചിട്ടുണ്ട്. ആ നിലയ്ക്ക് കമ്മീഷനു മുമ്പാകെ കുന്നുകൂടിയിട്ടുള്ള അപേക്ഷകളിൽ വലിയൊരു ശതമാനവും ഒഴിവാക്കാൻ കഴിയുന്നവയാണ്. ആക്ടും ചട്ടവും ലക്ഷ്യം വയ്ക്കുന്ന രീതിയിൽ ചെറുകിട നാമമാത്ര കർഷകരുടെ താത്പര്യം സംരക്ഷിക്കുന്നതിന് കമ്മീഷൻ അവാർഡ് ചെയ്ത തുക ബന്ധപ്പെട്ട ഉത്തമർണ്ണ സ്ഥാപനത്തിന് ലഭിച്ചുവെന്നും കർഷകർക്ക് കടാശ്വാസത്തിന്റെ പ്രയോജനം ലഭിച്ചു എന്നത് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

23. അവാർഡുകൾ പാസ്സാക്കുന്നതുവരെയുള്ള കാര്യം മാത്രമേ ആക്ടിൽ പറയുന്നുള്ളൂ എന്നതിനാൽ അതു കഴിഞ്ഞ് തുക ആര് എങ്ങനെ കൊടുക്കണം എന്നതിനെ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനുകളുടെ അഭാവം ഒരു പ്രധാന വൈകല്യമായി സമിതി വിലയിരുത്തുന്നു. ആക്ടിൽ വ്യവസ്ഥ ഇല്ലാത്തതുമൂലമാണ് ചട്ടങ്ങളിലും ഇവ ഉൾപ്പെടുത്തുവാൻ കഴിയാതെ പോയത്. ആയതിനാൽ കടാശ്വാസം വിതരണം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തവും നിയതവുമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ജോസ് തെറ്റയിൽ,

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
18-12-2008.

അനുബന്ധം I

GOVERNMENT OF KERALA

**Revenue (P) Department**

NOTIFICATION

G. O. (P) No. 92/2007/RD. *Dated, Thiruvananthapuram, 19th March 2007.*

**S.R.O. No. 247/2007**.— In exercise of the powers conferred by subsections (1) and (3) of section 3 of the Kerala Farmers' Debt Relief Commission Act, 2006 (1 of 2007), the Government of Kerala hereby constitute "the Kerala Farmers' Debt Relief Commission" for the purpose of exercising the powers and performing the functions under the said Act and nominate the following persons as Chairman and Members of the said Commission, namely:—

| | | | |
|---|---|---|---|
| 1. | Mr. Justice K. A. Abdul Gafoor,<br>Retired High Court Judge,<br>Vazhakkala, Morarji Road,<br>Ernakulam. | .. | Chairman |
| 2. | Prof. M. J. Jacob,<br>Mundakkal House,<br>River View Road,<br>Thodupuzha | .. | Member<br>(Agricultural Expert) |
| 3. | Shri M. K. Bhaskaran,<br>Muppittiyil, Edappallykotta P.O.,<br>Panmana, Chavara<br>Kollam District | .. | Member<br>Representing Farmers |
| 4. | Shri Sathyan Mokeri,<br>"Sree Achutham",<br>Mokeri P. O., (Via) Kakkattil,<br>Kozhikode District | .. | Member<br>Representing Farmers |
| 5. | Prof. N. Chandrasekharan Nair,<br>L-3/14, "Dwaraka",<br>Subhash Nagar,<br>Kaithavana, Alapuzha | .. | Member<br>(Person working in<br>economic/co-operative<br>sector) |

By order of the Governor,

DR. NIVEDITA P. HARAN,
*Principal Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purpost).

Sub-section (1) of section 3 of the Kerala Farmers' Debt Relief Commission Act, 2006 (Act 1 of 2007) empowers the State Government to constitute the Kerala Farmers' Debt Relief Commission. Sub-section (2) of Section 3 specifies the manner in which the Commission has to be constituted and sub-section (3) empowers the State Government to nominate the Chairman and Members of the Commission. Government have decided to constitute the said Commission and nominate the Chairman and Members in accordance with the above provisions.

This notification is intended to achieve the above object.

# കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) 142/2007/ആർ. ഡി. തിരുവനന്തപുരം, 2007 മേയ് 2.

**എസ്. ആർ. ഒ. നമ്പർ 390/2007.**—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1-ാം ആക്റ്റ്) 21-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെ പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് (2007-ലെ 1-ാം ആക്റ്റ്) എന്നർത്ഥമാകുന്നു ;

(ബി) "അപേക്ഷ" എന്നാൽ ആക്റ്റിലെ 5 (1) (എ) വകുപ്പോ 7-ാം വകുപ്പോ പ്രകാരം ഒരു കർഷകൻ സമർപ്പിക്കുന്ന അപേക്ഷ എന്നർത്ഥമാകുന്നു ;

(സി) "ചെയർമാൻ" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ചെയർമാൻ എന്നർത്ഥമാകുന്നു ;

(ഡി) "കമ്മീഷൻ" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച കമ്മീഷൻ എന്നർത്ഥമാകുന്നു ;

(ഇ) "ഫാറം" എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു ;

(എഫ്) "പട്ടിക" എന്നാൽ ഈ ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു ;

(ജി) "വകുപ്പ്" എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ, അവയ്ക്ക് യഥാക്രമം നൽകപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും</u>.—(1) കമ്മീഷൻ, കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് പ്രകാരവും, ഈ ചട്ടങ്ങൾ പ്രകാരവും അതിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(2) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, കമ്മീഷൻ ബെഞ്ചുകൾ രൂപീകരിക്കുന്നപക്ഷം, ആ ബെഞ്ചുകൾക്ക് അവ കൈകാര്യം ചെയ്യുന്ന സംഗതികളിൽ കമ്മീഷനിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

(3) സാങ്കേതിക ജ്ഞാനം ഉള്ളവരുടെ സേവനം ആവശ്യമാകുന്ന സംഗതിയിൽ, അപ്രകാരമുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ആവശ്യപ്പെടേണ്ടതും അവരുടെ ഉപദേശം ആക്റ്റ് പ്രകാരം തീരുമാനമെടുക്കുന്നതിന് കണക്കിലെടുക്കേണ്ടതുമാണ്.

4. <u>ആസ്ഥാനം</u>.—കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

5. <u>രജിസ്റ്ററുകൾ</u>.—കമ്മീഷൻ, താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചു പോരേണ്ടതാണ്, അതായത്:—

(എ) ഫാറം "എ" യിലുള്ള ഒരു അപേക്ഷ രജിസ്റ്റർ;

(ബി) ഫാറം "ബി" യിലുള്ള ഒരു ഡയറി രജിസ്റ്റർ;

(സി) ആവശ്യമെന്ന് കമ്മീഷന് തോന്നുന്ന രജിസ്റ്ററുകൾ.

6. <u>കടാശ്വാസത്തിനുള്ള അപേക്ഷയുടെ മാതൃക</u>.—(1) കടാശ്വാസത്തിനും, ഒരു കർഷകനെ ദുരിതബാധിതനായി പരിഗണിക്കുന്നതിനുമുള്ള അപേക്ഷയുടെ മാതൃക ഫാറം "സി" യിൽ പറയുംപ്രകാരമായിരിക്കേണ്ടതാണ്.

(2) കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന ഓരോ അപേക്ഷയും നിശ്ചിത ഫാറത്തിൽ കമ്മീഷന്റെ സെക്രട്ടറി മുമ്പാകെ നേരിട്ടോ തപാൽ മുഖേനയോ, മെസഞ്ചർ മുഖേനയോ, കൊറിയർ സർവ്വീസ് വഴിക്കോ സമർപ്പിക്കാവുന്നതാണ്.

(3) അപേക്ഷ രജിസ്റ്ററിൽ, കമ്മീഷന് ലഭിച്ച എല്ലാ അപേക്ഷകളെയും സംബന്ധിച്ച വിവരങ്ങളും, ഡയറി രജിസ്റ്ററിൽ ഓരോ അപേക്ഷയും ലഭിച്ച തീയതി മുതൽ അവസാന തീർപ്പ് വരെ വിവിധ ഘട്ടങ്ങളിൽ എടുത്ത നടപടികളും അന്തിമ ഉത്തരവിന്റെ ചുരുക്കവും രേഖപ്പെടുത്തേണ്ടതാണ്.

(4) മറ്റ് നിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും കമ്മീഷനിൽ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടതില്ല.

(5) ഒരേ സങ്കട നിവൃത്തിക്കായി ഒരു അപേക്ഷകൻ, ഒന്നിൽ കൂടുതൽ അപേക്ഷകൾ നൽകുവാൻ പാടുള്ളതല്ല.

7. <u>അപേക്ഷയുടെയും രേഖയുടെയും പകർപ്പുകൾ</u>.—അപേക്ഷകൻ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന ഓരോ അപേക്ഷയോടുമൊപ്പം അപേക്ഷയുടേയും അതിന് അടിസ്ഥാനമായ രേഖകളുടേയും സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പ് കൂടി കമ്മീഷന് നൽകേണ്ടതും, കൂടാതെ അപേക്ഷയിൽ എതിർ കക്ഷികൾ ഉണ്ടെങ്കിൽ അത്രയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടുതലായി നൽകേണ്ടതുമാണ്.

8. നമ്പരു നൽകൽ.—ഓരോ അപേക്ഷയും ലഭിക്കുന്ന മുറയ്ക്ക് ക്രമമായി നമ്പരിടേണ്ടതും അതേ നമ്പർ തന്നെ അപേക്ഷാ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട തുമാണ്.

9. ന്യൂനതയുള്ള അപേക്ഷകൾ.—ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്ത ഏതൊരു അപേക്ഷയും കമ്മീഷൻ പരിഗണിക്കേണ്ടതില്ല.

എന്നാൽ ന്യൂനതയുള്ള അപേക്ഷകൾ അപേക്ഷകന് ന്യൂനത രേഖപ്പെടുത്തി മടക്കി നൽകേണ്ടതും അപ്രകാരം മടക്കിക്കിട്ടിയ അപേക്ഷ അപേക്ഷകൻ പതിനഞ്ച് ദിവസത്തിനകം ന്യൂനത പരിഹരിച്ച്, തിരികെ സമർപ്പിച്ചാൽ ആയത് യഥാവിധി നൽകപ്പെട്ട അപേക്ഷയായി പരിഗണിക്കപ്പെടേണ്ടതുമാണ്.

10. അപേക്ഷകന് കൈപ്പറ്റ് രസീത് നൽകൽ.—ഒരു അപേക്ഷ രജിസ്റ്റർ ചെയ്ത ശേഷം, കമ്മീഷൻ അല്ലെങ്കിൽ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, അപേക്ഷ സ്വീകരിച്ചുവെന്നും ആയത് രജിസ്റ്റർ ചെയ്തുവെന്നും അറിയിച്ചുകൊണ്ടുള്ള ഒരു കൈപ്പറ്റ് രസീത് ഫാറം "ഡി" യിൽ അപേക്ഷകന് നൽകേണ്ടതാണ്.

11. എതിർ കക്ഷിക്ക് നോട്ടീസ് നൽകൽ.—ഒരു അപേക്ഷ രജിസ്റ്റർ ചെയ്യുകയും അപേക്ഷകന് കൈപ്പറ്റ് രസീത് നൽകുകയും ചെയ്താലുടൻ കമ്മീഷൻ അപേക്ഷയു ടെയും അതിന് ആധാരമായ രേഖകളുടെയും ഒരു പകർപ്പ് ഏതിർ കക്ഷിക്ക്, ആരെങ്കിലും ഉണ്ടെങ്കിൽ, രജിസ്റ്റർ തപാൽവഴി നൽകേണ്ടതും, അതേപ്പറ്റി അയാൾക്ക് പറയാനുള്ളതിന്റെ ഒരു പത്രികയും ബന്ധപ്പെട്ട രേഖകളും നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്നും അപ്രകാരം സമർപ്പിക്കാതിരുന്നാൽ അപേക്ഷ എക്സ് പാർട്ടിയായി തീർപ്പാക്കുമെന്നും അറിയിച്ചു കൊണ്ട് നോട്ടീസ് ഫാറം "ഇ" യിൽ നൽകേണ്ടതാണ്.

12. അന്വേഷണം നടത്തുന്ന വിധവും നടപടിക്രമവും.—(1) കമ്മീഷൻ 5(1) (എ) വകുപ്പുപ്രകാരം ശുപാർശ ചെയ്യുമ്പോഴോ, പ്രഖ്യാപനം നടത്തുമ്പോഴോ അതത് പ്രദേശങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിലുണ്ടായ പ്രകൃതി ക്ഷോഭങ്ങളും തൽഫലമായി ഉണ്ടായ കെടുതികളും ആ പ്രദേശത്തുള്ള കർഷക കടബാദ്ധ്യതയുടെ തോതും, കർഷകർ പെട്ടെന്ന് നേരിടേണ്ടിവന്നിട്ടുള്ള സാമ്പത്തികമായ ശോചനീയാ വസ്ഥയും, കർഷകാത്മഹത്യകളും, കർഷകരെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് കമ്മീ ഷന് ബോദ്ധ്യപ്പെടുന്ന മറ്റു കാര്യങ്ങളും പരിഗണിക്കേണ്ടതാണ്.

(2) ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ പ്രഖ്യാപിക്കുന്ന തിനായി ശുപാർശ ചെയ്യപ്പെടുന്നതിനായോ ഒരു ദുരിതബാധിത കർഷകനായി പ്രഖ്യാപിക്കപ്പെടുന്നതിനോ കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ട ഒരു അപേക്ഷയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംഗതിയിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെയോ ഏതെ ങ്കിലും സാങ്കേതിക വിദഗ്ദ്ധരുടെയോ സൂക്ഷ്മാന്വേഷണം ആവശ്യമാണെന്ന് കമ്മീഷന് ബോദ്ധ്യമാകുന്നപക്ഷം, അതത് സംഗതിപോലെ, സർക്കാർ ഉദ്യോഗസ്ഥരുടെയോ അഥവാ ഏതെങ്കിലും സാങ്കേതിക വിദഗ്ദ്ധരുടെയോ സൂക്ഷ്മാന്വേഷണത്തിന് അത്

വിധേയമാക്കാവുന്നതും അപ്രകാരം ലഭിച്ച അന്വേഷണ റിപ്പോർട്ട് അപേക്ഷയുടെ തീർപ്പാക്കലിന് പരിഗണിക്കേണ്ടതുമാണ്. അന്വേഷണത്തിന്റെ ഭാഗമായി കമ്മീഷന് അപേക്ഷയിൽ ഉൾപ്പെട്ടതോ അതുമായി ബന്ധപ്പെട്ടതോ ആയ കെട്ടിടമോ, ഓഫീസോ, സ്ഥലമോ സന്ദർശിച്ച് ബന്ധപ്പെട്ട രേഖകളും വസ്തുക്കളും പരിശോധിക്കാവുന്നതാണ്.

13. അപേക്ഷയിന്മേൽ വാദം കേൾക്കലും തീർപ്പാക്കലും.—കമ്മീഷൻ, നേരിൽ ബോധിപ്പിക്കാൻ അവസരം വേണമെന്ന് അപേക്ഷകൻ ആവശ്യപ്പെടുന്നപക്ഷം അപ്രകാരം അവസരം നൽകേണ്ടതും അയാൾ ഹാജരാക്കുന്ന രേഖകളും മറ്റു തെളിവുകളും കൂടി പരിശോധിച്ചശേഷം അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

14. കമ്മീഷന്റെ ഉത്തരവ്.—അപേക്ഷയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിഗണിച്ചതിനുശേഷമോ, അഥവാ കക്ഷികളെ വിചാരണ ചെയ്യുന്നുവെങ്കിൽ അപ്രകാരമുള്ള വിചാരണ പൂർത്തിയായ ശേഷമോ കമ്മീഷൻ അപേക്ഷയിന്മേലുള്ള അതിന്റെ നിഗമനങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അതത് സംഗതിപോലെ, ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ പ്രഖ്യാപിക്കുന്നതിനോ ഈ ആക്റ്റ് പ്രകാരമുള്ള മറ്റ് ശുപാർശകൾ സർക്കാരിന് നൽകുകയോ, അതത് സംഗതിപോലെ, മറ്റ് ഉത്തരവ് പാസ്സാക്കുകയോ ചെയ്യേണ്ടതാണ്.

15. ഉത്തരവിലെ തെറ്റുതിരുത്തൽ.—കമ്മീഷന് എപ്പോഴെങ്കിലും അതിന്റെ ശുപാർശയിലോ ഉത്തരവിലോ ഏതെങ്കിലും തെറ്റോ വിട്ടുപോകലോ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് സ്വമേധയാലോ ആരുടെയെങ്കിലും അപേക്ഷയിന്മേലോ, അതതു സംഗതി പോലെ, തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ അപ്രകാരം തിരുത്തുകയോ ചേർക്കുകയോ ചെയ്യുന്നതിനുമുമ്പ് ബന്ധപ്പെട്ട കക്ഷികൾക്ക് സങ്കടം ബോധിപ്പിക്കാൻ ഒരു അവസരം നൽകേണ്ടതാണ്.

16. നടപടിക്രമങ്ങളിലും ഉത്തരവിലും ഉപയോഗിക്കേണ്ട ഭാഷ.—കമ്മീഷൻ അതിന്റെ വിചാരണകളിലും നടപടിക്രമങ്ങളിലും ഉത്തരവുകളിലും ശുപാർശകളിലും മലയാള ഭാഷയോ ഇംഗ്ലീഷ് ഭാഷയോ ഉപയോഗിക്കാവുന്നതാണ്.

17. കമ്മീഷന്റെ ഉത്തരവ് നടപ്പാക്കാതിരുന്നാലുള്ള നടപടി.—കമ്മീഷന്റെ ഉത്തരവുകൾ നടപ്പാക്കുവാൻ ബന്ധപ്പെട്ട എല്ലാവരും ബാദ്ധ്യസ്ഥരായിരിക്കുന്നതും അതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കമ്മീഷന് യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതുമാണ്.

18. ഉത്തരവിന്റെ പകർപ്പ് നൽകൽ:—(1) കമ്മീഷന്റെ മുമ്പാകെയുള്ള അപേക്ഷകളുടെ അന്തിമ തീർപ്പിന്റെ പകർപ്പ് അപേക്ഷയിലെ ഓരോ കക്ഷിക്കും തീർപ്പാക്കിയ തീയതി മുതൽ ഒരു മാസത്തിനകം അയച്ചു നൽകേണ്ടതാണ്:

എന്നാൽ അപേക്ഷയിലെ ഏതെങ്കിലും കക്ഷിക്ക് തീർപ്പിന്റെ പകർപ്പ് അടിയന്തിരമായി ആവശ്യമാണെന്ന് രേഖാമൂലം അപേക്ഷിച്ചാൽ അത്തരം സന്ദർഭങ്ങളിൽ ഒരാഴ്ചയ്ക്കകം അത് അയച്ച് നൽകേണ്ടതാണ്.

(2) കമ്മീഷൻ പുറപ്പെടുവിക്കുന്ന ശുപാർശകളിൽ ബന്ധപ്പെട്ട കമ്മീഷൻ അംഗങ്ങളുടെ കയ്യൊപ്പും ഓഫീസ് മുദ്രയും ഉണ്ടായിരിക്കേണ്ടതും കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ സെക്രട്ടറിയുടെ കയ്യൊപ്പും ഓഫീസ് മുദ്രയും ഉണ്ടായിരിക്കേണ്ടതുമാണ്.

(3) കമ്മീഷന്റെ ഓഫീസിൽ, ഓരോ അപേക്ഷയേയും സംബന്ധിക്കുന്ന ഫയലുകൾ, രജിസ്റ്ററുകൾ മുതലായ എല്ലാവിധ റെക്കോർഡുകളും രേഖകളും നശിച്ചുപോകാത്തവിധം സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.

19. നടപടിക്രമങ്ങൾ.—കമ്മീഷന് അതിന്റെ മുമ്പാകെ ലഭിച്ചിട്ടുള്ള അപേക്ഷകൾ അന്തിമമായി തീർപ്പാക്കുന്നതുവരെയുള്ള കാര്യങ്ങളിൽ, ഈ ചട്ടങ്ങളിൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടില്ലാത്ത സംഗതികളിൽ, യുക്തവും തനതുമായ നടപടിക്രമങ്ങൾ സ്വീകരിക്കാവുന്നതാണ്.

20. പുനഃപരിശോധന.—കമ്മീഷന്, സ്വമേധയായോ അല്ലെങ്കിൽ ഉത്തരവു കൈപ്പറ്റിയ തീയതി മുതൽ അറുപതു ദിവസത്തിനകം സമർപ്പിക്കപ്പെടുന്ന ഹർജിയിൻമേലോ അതിന്റെ ഏതൊരു തീരുമാനവും പുനഃപരിശോധിക്കാവുന്നതാണ്.

21. വാർഷിക റിപ്പോർട്ട്.—14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അനുസരിച്ച് സർക്കാരിലേക്ക് സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ട് ബന്ധപ്പെട്ട അതാതു സാമ്പത്തിക വർഷാവസാനത്തിനു ശേഷമുള്ള ജൂൺ 30-നകം ഫാറം "എഫ്"-ൽ സമർപ്പിച്ചിരിക്കേണ്ടതാണ്.

22. കണക്കുകൾ സൂക്ഷിക്കൽ.—സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ സംബന്ധിച്ച് കമ്മീഷന്റെ സെക്രട്ടറി, അക്കൗണ്ടന്റ് ജനറൽ നിർണ്ണയിച്ചിട്ടുള്ള രീതിയിലും സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായും, ശരിയായ കണക്കുകളും രേഖകളും രജിസ്റ്ററുകളും വച്ചുപോരേണ്ടതും പോയവർഷം അനുവദിച്ചുകിട്ടിയ ഗ്രാന്റ്, അനുവദിച്ചു നൽകിയ ആവശ്യങ്ങൾക്ക് മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

23. കമ്മീഷന്റെ വരവു-ചെലവുകൾ സംബന്ധിച്ച്, സാധാരണ ഗവൺമെന്റ് ആഫീസിൽ സൂക്ഷിച്ചുപോരുന്ന രസീത്, വൗച്ചർ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചിരിക്കേണ്ടതും, 15 (1) വകുപ്പുപ്രകാരം തയ്യാറാക്കേണ്ട വാർഷിക സ്റ്റേറ്റുമെന്റ് ഫാറം "ജി" യിൽ ആയിരിക്കേണ്ടതുമാണ്.

24. കമ്മീഷനിൽ സൂക്ഷിച്ചുപോരുന്ന എല്ലാ രേഖകളും കമ്മീഷൻ ആസ്തികളും സെക്രട്ടറിയുടെ അധീനതയിൽ ആയിരിക്കേണ്ടതാണ്,

25. കമ്മീഷന്റെ ബാങ്ക് അക്കൗണ്ട് സെക്രട്ടറിയും ഫൈനാൻസ് ആഫീസറും ചേർന്ന് ഇടപാട് നടത്തേണ്ടതാണ്.

26. സംശയനിവാരണം വരുത്തൽ.—സർക്കാരിന്, ഉത്തരവുമൂലം, ഈ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ചോ അല്ലാതെയോ ഉള്ള സംശയനിവാരണം വരുത്താവുന്നതാണ്.

ഫാറം 'എ'

(7-ാം ചട്ടം കാണുക)

**കേരള കർഷക കടാശ്വാസ കമ്മീഷൻ**

അപേക്ഷാ രജിസ്റ്റർ

| ക്രമ നമ്പർ | അപേക്ഷ രജിസ്റ്റർ ചെയ്ത തീയതി | അപേക്ഷകന്റെ പേരും മേൽവിലാസവും | എതിർ കക്ഷികളുടെ പേരും മേൽവിലാസവും | അപേക്ഷകന്റെ ആവശ്യം (ചുരുക്കത്തിൽ) | ഒപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |

ഫാറം 'ബി'

(7-ാം ചട്ടം കാണുക)

**കേരള കർഷക കടാശ്വാസ കമ്മീഷൻ**

ഡയറി രജിസ്റ്റർ

| അപേക്ഷാ നമ്പർ | അപേക്ഷ രജിസ്റ്റർ ചെയ്ത തീയതി | നോട്ടീസ് നൽകിയ തീയതി | എതിർ കക്ഷി പത്രിക സമർപ്പിച്ച തീയതി | മാറ്റിവയ്ക്കപ്പെട്ട വിചാരണ തീയതിയും അതിനുള്ള കാരണവും | ഉത്തരവിന്റെ ചുരുക്കവും തീയതിയും | റിമാർക്സ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |

ഫാറം 'സി'

(8-ാം ചട്ടം കാണുക)

**കേരള കർഷക കടാശ്വാസ കമ്മീഷൻ**

## ദുരിതബാധിത കർഷകനായി പ്രഖ്യാപിക്കുവാനും കർഷക കടാശ്വാസത്തിനുമുള്ള അപേക്ഷ

1. കർഷകന്റെ പേരും മേൽവിലാസവും :
2. കർഷക തൊഴിലാളിയോ, പാട്ടക്കരാർ വ്യവസ്ഥയിൽ കൃഷി ചെയ്യുന്ന ആളോ, കുടുംബശ്രീ യൂണിറ്റോ, സ്വയം സഹായ സംഘമോ ആണോ? എങ്കിൽ പേരും മേൽവിലാസവും :
3. കുടുംബാംഗങ്ങളുടെ എണ്ണം :
4. വാർഷിക വരുമാനം :
5. കാർഷികവൃത്തിയുടെ സ്വഭാവം* :
6. കൃഷിഭൂമിയുടെ വിവരങ്ങൾ

| | വില്ലേജ് | സർവ്വേ നമ്പർ | നിലം | പുരയിടം | ആകെ |
|---|---|---|---|---|---|
| എ. ഉടമസ്ഥാവകാശമുള്ള കൃഷിഭൂമിയുടെ വിസ്തീർണ്ണം | | | | | |
| ബി. കരാറടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം | | | | | |
| മൊത്തം | | | | | |

7. മത്സ്യം, ചിപ്പി, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കന്നുകാലി, പന്നി വളർത്തൽ തുടങ്ങിയ കൃഷിരീതികൾ സ്വീകരിച്ചിട്ടുള്ള കർഷകനാണെങ്കിൽ വിശദവിവരങ്ങൾ നൽകുക :
8. താമസം ദുരിതബാധിത പ്രദേശത്താണോ? കാർഷിക വിള ദുരന്തബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ടോ? :

---

* നിലം, പുരയിടം എന്നിവിടങ്ങളിലെ കൃഷി, ഉദ്യാനകൃഷി, ഔഷധകൃഷി, നഴ്സറി നടത്തിപ്പ്, പച്ചക്കറി, പൂക്കൾ, പുൽ/തീറ്റപ്പുൽ കൃഷി, മത്സ്യം, ചിപ്പി, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കന്നുകാലി, പന്നി വളർത്തൽ തുടങ്ങിയവ.

9. ദുരിതബാധിത കർഷകനായി പ്രഖ്യാപി ക്കുവാൻ എന്തെങ്കിലും കാരണമുണ്ടോ? എങ്കിൽ അതിനുള്ള കാരണങ്ങൾ :
10. കടം വാങ്ങിയ തുക** (അക്കത്തിലും അക്ഷരത്തിലും) :
11. പലിശ നിരക്ക്** :
12. കടം നൽകിയ സ്ഥാപനത്തിന്റെ/വ്യക്തി യുടെ പേരും, മേൽവിലാസവും**
13. കടം തിരിച്ചടയ്ക്കേണ്ട തവണകളുടെ എണ്ണം** :
14. തവണയുടെ സംഖ്യ (അക്കത്തിലും അക്ഷരത്തിലും)** :
15. അടച്ചുതീർത്ത തവണകളും സംഖ്യയും (അക്കത്തിലും അക്ഷരത്തിലും) :
16. കുടിശ്ശികയായ തവണകളും സംഖ്യയും (അക്കത്തിലും അക്ഷരത്തിലും)** :
17. പിഴ പലിശ ഈടാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര?** :
18. കുടിശ്ശിക വരാനുണ്ടായ കാരണങ്ങൾ :
19. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ നേരിടുന്നുണ്ടെങ്കിൽ കേസ് നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ :
20. കൃഷി നാശമുണ്ടായിട്ടാണെങ്കിൽ അതിനുള്ള കാരണങ്ങളും അതിന്റെ സ്വഭാവവും :
21 ആവശ്യപ്പെടുന്ന കടാശ്വാസം (അക്കത്തിലും അക്ഷരത്തിലും) :
22. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന രേഖകൾ :

ഇതേ നിവൃത്തിക്കായി യാതൊരു അപേക്ഷയും ഞാൻ ഇതിനുമുമ്പ് സമർപ്പിച്ചിട്ടി ല്ലാത്തതാകുന്നു.

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എനിക്ക് ഉത്തമ ബോദ്ധ്യമുള്ളതും സത്യവുമാ ണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തിയതി: *അപേക്ഷകന്റെ ഒപ്പ്*

---

** ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളോ ആളുകളോ ഉണ്ടെങ്കിൽ എല്ലാവരുടേയും വിവരങ്ങൾ ചേർക്കേണ്ടതുണ്ട്.

ഫാറം 'ഡി'

(12-ാം ചട്ടം കാണുക)

## കേരള കർഷക കടാശ്വാസ കമ്മീഷൻ

രസീത്

നമ്പർ...................... തീയതി..................................

ശ്രീ./ശ്രീമതി...........................................................................................................എന്ന ആളിൽനിന്നും ലഭിച്ച.......................................തീയതിയിലെ അപേക്ഷ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നതും, അത് മുകളിൽ പറഞ്ഞിരിക്കുന്ന നമ്പർ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാകുന്നു. ഇതിന്റെ വിചാരണ...........................മാസം................ ന് രാവിലെ 10.30 മണിക്ക്.................................... വച്ച് നടത്തുന്നതായിരിക്കും/തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

സ്ഥലം:

തിയതി: ആഫീസ് മുദ്ര ഒപ്പ്

ഫാറം 'ഇ'

(13-ാം ചട്ടം കാണുക)

## കേരള കർഷക കടാശ്വാസ കമ്മീഷൻ

നോട്ടീസ്

കേരള കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ......................................................ലെ .......................നമ്പർ അപേക്ഷ.

അപേക്ഷകൻ.......................................................................................................................

എതിർകക്ഷി/എതിർകക്ഷികൾ..........................................................................................

### എതിർകക്ഷിക്കുള്ള നോട്ടീസ്

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ (2007-ലെ................) ..................................വകുപ്പുപ്രകാരം ഈ കമ്മീഷൻ മുമ്പാകെ മുകളിൽ പേർ/പേരുകൾ പറഞ്ഞിരിക്കുന്നവർ ഒരു അപേക്ഷ സമർപ്പിച്ചിരിക്കുന്നതിനാൽ/സ്വമേധയാ നടപടി

സ്വീകരിച്ചിരിക്കുന്നതിനാൽ, താങ്കൾ ഈ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം അതേപ്പറ്റി താങ്കൾക്ക് പറയാനുള്ളതിന്റെ ഒരു പത്രികയും ബന്ധപ്പെട്ട രേഖകളും ഈ കമ്മീഷൻ മുൻപാകെ സമർപ്പിക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു. മുകളിൽ പറഞ്ഞ കാലപരിധിക്കുള്ളിൽ പത്രിക സമർപ്പിക്കാൻ താങ്കൾ വീഴ്ച വരുത്തുന്നപക്ഷം താങ്കൾക്ക് ഒന്നും തന്നെ മറുപടിയായി പറയാനില്ലെന്ന് കണക്കാക്കി പ്രസ്തുത ഹർജി എക്സ് പാർട്ടിയായി കണക്കാക്കി തീർപ്പാക്കുന്നതാണ്.

എതിർകക്ഷി അതിന്റെ പത്രികയോടൊപ്പം ബന്ധപ്പെട്ട ഫയലുകളും റിക്കാർഡുകളും ഹാജരാക്കേണ്ടതാണ്. അവ ഹാജരാക്കാൻ ന്യായമായ തടസ്സങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അത് വ്യക്തമാക്കിക്കൊണ്ട് റിക്കാർഡുകളുടെ ശരിപ്പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. എതിർകക്ഷിക്ക് നേരിൽ എന്തെങ്കിലും ബോധിപ്പിക്കാൻ അവസരം വേണമെങ്കിൽ അക്കാര്യം പത്രികയിൽ പറഞ്ഞിരിക്കേണ്ടതാണ്. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയുടേയും രേഖകളുടേയും ഓരോ പകർപ്പ് ഇതിനോടൊപ്പം വയ്ക്കുന്നു.

..............................................മാസം...............................................തീയതി, എന്റെ കൈയൊപ്പോടും മുദ്രയോടും കൂടി നൽകിയത്.

*കേരള സംസ്ഥാന കർഷക കടശ്വാസ കമ്മീഷൻ.*

എതിർകക്ഷിക്ക്

......................................

......................................

......................................

ഫാറം 'എഫ്'

(23-ാം ചട്ടം കാണുക)

# കേരള കർഷക കടാശ്വാസ കമ്മീഷൻ

## വാർഷിക റിപ്പോർട്ട്

(200.......-200..........വർഷം)

1. ആമുഖം :
2. കമ്മീഷൻ അംഗങ്ങൾ :
3. കമ്മീഷന്റെ സ്റ്റാഫ് (പേര്, തസ്തിക, എണ്ണം, സ്കെയിൽ എന്നിവ നൽകുക) :
4. കമ്മീഷൻ സ്വീകരിച്ച നടപടികൾ :
   (എ) കമ്മീഷന് ലഭിച്ച അപേക്ഷയുടെ വിശദവിവരങ്ങൾ :
   (ബി) കമ്മീഷൻ സ്വമേധയാ കൈക്കൊണ്ട നടപടികളും തീരുമാനങ്ങളും :
   (സി) കമ്മീഷന്റെ സിറ്റിംഗുകൾ :
   (ഡി) കമ്മീഷന്റെ ശുപാർശകൾ :
   (ഇ) കമ്മീഷന്റെ തീരുമാനങ്ങൾ :
   (എഫ്) മറ്റ് പ്രസക്ത വിവരങ്ങൾ :
5. വാർഷിക കണക്കുകൾ :
   (എ) കമ്മീഷന്റെ വരവും ചെലവും

| സാമ്പത്തിക വർഷം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| | | | |

   (ബി) ഇനം തിരിച്ചുള്ള ചിലവിനങ്ങൾ

ശമ്പളം :
ടി. എ./ഡി. എ. :
ഓഫീസ് ചെലവ് :
വാഹന ഉപയോഗച്ചെലവ് :
സിറ്റിംഗ് ഫീ :
മറ്റിനങ്ങൾ :
ആകെ :

സ്ഥലം: (ഒപ്പ്)

തീയതി: *സെക്രട്ടറി.*

ഫാറം 'ജി'

(25-ാം ചട്ടം കാണുക)

## കേരള കർഷക കടാശ്വാസ കമ്മീഷൻ

കമ്മീഷന്റെ വരവുചെലവുകൾ സംബന്ധിച്ച വാർഷിക സ്റ്റേറ്റ്മെന്റ്

| ബഡ്ജറ്റ് ഹെഡ് മേജർ, മൈനർ ആന്റ് ഡീറ്റെയ്ൽസ് ഹെഡ് | വരവ് | | റിമാർക്ക്സ് | ബഡ്ജറ്റ് ഹെഡ് മേജർ, മൈനർ ആന്റ് ഡീറ്റെയ്ൽസ് ഹെഡ് | ചെലവ് | | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | യഥാർത്ഥ തുക | വകയിരുത്തിയത് | | | യഥാർത്ഥ തുക | വകയിരുത്തിയത് | |
| | | | | | | | |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വൈ. ജോൺ,

*അഡീഷണൽ സെക്രട്ടറി.*

### വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വ്യക്തമാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1-ാം ആക്റ്റ്) 21-ാം വകുപ്പ് പ്രസ്തുത ആക്റ്റിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

അനുബന്ധം II

## സമിതി മുമ്പാകെ തെളിവ് നൽകിയവരുടെ പേര് വിവരം

**തിരുവനന്തപുരം**

1. ശ്രീ. ജി. എസ്. ശ്രീകുമാരൻ നായർ, സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ
2. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. കെ. രാജീവാക്ഷൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. എൻ. കേശവൻ നമ്പൂതിരി, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. വി. ദിനേശ്, അണ്ടർ സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീമതി കെ. കൃഷ്ണകുമാരി, അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്.

**വയനാട്**

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജി. എസ്. ശ്രീകുമാരൻ നായർ, സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ
2. ശ്രീ. പി. പി. ഗോപി, ഡിസ്ട്രിക്റ്റ് കളക്ടർ, വയനാട്
3. ശ്രീ. എൻ. കേശവൻ നമ്പൂതിരി, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. കെ. കെ. ശശിധരൻ നായർ, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീ. വി. ദിനേശ്, അണ്ടർ സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീമതി ഇ. ടി. സുനിത, എ.ഡി.എം., വയനാട്
7. ശ്രീ. കെ. ടി. ശേഖരൻ, ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ ഓഫീസർ (ഇൻ-ചാർജ്), വയനാട് ഡിസ്ട്രിക്റ്റ്
8. ശ്രീ. എൻ. കെ. രാധാകൃഷ്ണൻ, സെക്ഷൻ ഓഫീസർ, റവന്യൂ വകുപ്പ്.

ഹാജരായ കർഷക പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കർഷകർ

1. ശ്രീ. കെ. ആർ. രാമകൃഷ്ണൻ, പ്രസിഡന്റ്, അമ്പലവയൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
2. ശ്രീ. കുര്യാക്കോസ് മുള്ളൻമട, പ്രസിഡന്റ്, കേരള കർഷക യൂണിയൻ, വയനാട് ജില്ല
3. ശ്രീ. സി. പി. അബൂബേക്കർ, മുള്ളൻപാറ.

4. ശ്രീ. പി. എൻ. സുധാകരൻ, ഡിസ്ട്രിക്റ്റ് ചെയർമാൻ, ഫാർമേഴ്സ് റിലീഫ് ഫോറം, വയനാട് ജില്ലാ കമ്മിറ്റി
5. ശ്രീ. ബേബി പള്ളത്ത്, ജനറൽ സെക്രട്ടറി, ഫാർമേഴ്സ് റിലീഫ് ഫോറം, വയനാട് ജില്ലാ കമ്മിറ്റി
6. ശ്രീ. വി. സി. മത്തായി, കർഷക സംഘം
7. ശ്രീമതി റോസക്കുട്ടി, നരിപ്പാറ
8. ശ്രീ. ഹുസൈൻ, കപ്ലാക്കണ്ടി
9. ശ്രീ. കെ. എം. തങ്കച്ചൻ
10. ശ്രീ. ഉമ്മർ റാവുത്തർ, ചിണ്ടവല്ലം
11. ശ്രീ. സി. എം. മാത്യു, പള്ളിക്കുന്ന് പി.ഒ.
12. ശ്രീമതി കെ. എം. മറിയം, അഞ്ചുകുന്ന്
13. ശ്രീ. കെ. സച്ചിദാനന്ദൻ,
14. ശ്രീ. മമ്മു, വെള്ളമുണ്ട
15. ശ്രീമതി ജമീല, നരിക്കണ്ട്
16. ശ്രീ. കെ. അബ്ദുൾ റഹിമാൻ, കർഷകസംഘം.

**മൂന്നാർ**

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജി. എസ്. ശ്രീകുമാരൻ നായർ, സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ
2. ശ്രീ. ഇ. സൂര്യനാരായണൻ, എ.ഡി.എം. ഇടുക്കി
3. ശ്രീ. എൻ. കേശവൻ നമ്പൂതിരി, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. കെ. കെ. ശശിധരൻ നായർ, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീ. കെ. വിജയൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഇടുക്കി
6. ശ്രീ. ഇ. സി. സ്ക്കറിയ, അഡീഷണൽ തഹസീൽദാർ, ദേവികുളം
7. ശ്രീ. ഒ. എം. മിഖായേൽ, ഡെപ്യൂട്ടി തഹസീൽദാർ, ഉടുമ്പൻചോല
8. ശ്രീമതി ജി. ശ്യാമളകുമാരി, ജോയിന്റ് സെക്രട്ടറി, ഉടുമ്പൻചോല
9. ശ്രീ. ഉണ്ണികൃഷ്ണൻ കുന്നത്ത്, അസിസ്റ്റന്റ് ജില്ലാ ഇൻഫർമേഷൻ ഓഫീസർ.

**മറ്റുള്ളവർ**

1. ശ്രീ. പൈലിമാത്യു, അവരപ്പാട്ട്, കാണ്ടിയാംപാറ, പോക്കുപാറ പി. ഒ.
2. ശ്രീമതി മേരി ജോസഫ്, കുഴിഞ്ഞാലിൽ ഹൗസ്, കല്ലാർ, വട്ടിയാർ പി. ഒ., തട്ടേക്കർ, അടിമാലി
3. ശ്രീമതി രത്നമ്മ, മുകളേൽ, ചിത്തിരപുരം പി. ഒ., മീൻകട്ട
4. ശ്രീ. രാഘവൻ, മുകളേൽ, ചിത്തിരപുരം, മീനകട്ട
5. ശ്രീമതി രാജമ്മ ഗോപി, പാലപ്പറമ്പിൽ വീട്, കൂട്ടാർ പി. ഒ. ഇടുക്കി
6. ശ്രീ. കെ. കെ. നാരായണൻ, മീഡിയ സെക്രട്ടറി, മൂവ്മെന്റ് ഓഫ് ഇടുക്കി ഡിസ്ട്രിക്റ്റ് കൺസ്യൂമേഴ്സ് ആക്ഷൻ (എം. ഐ. ഡി. സി. എ.) രജി.നം. 1/212/2002, ഇടുക്കി ഡിസ്ട്രിക്റ്റ് ഓഫീസ്, പിൻ–685 565
7. ശ്രീ. എം. ടി. തോമസ്, മഠത്തിക്കുഴി, ഉപ്പുതോട് പി. ഒ. പിൻ–685 604
8. ശ്രീ. ഗോപിനാഥൻ പിള്ള, മംഗലത്ത് നോപ്രാംകുടി കരിക്കവല, ഇടുക്കി ജില്ല.

**തിരുവനന്തപുരം**

1. ജസ്റ്റിസ് അബ്ദുൾ ഗാഫർ, ചെയർമാൻ, കർഷക കടാശ്വാസ കമ്മീഷൻ
2. ഡോ. വർഗ്ഗീസ് ജോർജ്, അംഗം ,,
3. ഡോ. കെ. ജി. രവി, ,,
4. ശ്രീ. സത്യൻ മൊകേരി, ,,
5. ശ്രീ. ജി. എസ്. ശ്രീകുമാരൻ നായർ, സെക്രട്ടറി ,,
6. ശ്രീമതി നിവേദിത പി. ഹരൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
7. ശ്രീമതി വി. ജി. കുമാരി ഗിരിജ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
8. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
9. ശ്രീമതി വി. വി. സുശീല, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്.